1. ഇ.ബി. XIII-കേരള നിയമസഭ/XI-2

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 10, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

## വിദ്യാർത്ഥി മാർച്ചിനുനേരെ നടന്ന പോലീസ് ലാത്തിച്ചാർജ്ജ്

മി. ഡെപ്യൂട്ടി സ്പീക്കർ : സർവ്വകലാശാലകളെ തകർക്കരുത്, ഇരട്ടവേതനം പറ്റുന്ന കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസലർ ഉൾപ്പെടെയുള്ള അഴിമതിക്കാരെയും അയോഗ്യരെയും പുറത്താക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ കോഴിക്കോട് സർവ്വകലാശാലയിലേയ്ക്ക് നടത്തിയ മാർച്ചിനുനേരെ പോലീസ് ലാത്തിച്ചാർജ്ജ്

നടത്തുകയും എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ഉൾപ്പെടെ നാൽപ്പതോളം വിദ്യാർത്ഥികളെ ഗുരുതരമായ പരിക്കുകളോടെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. പ്രദീപ് കുമാർ, വി.എസ്. സുനിൽകുമാർ, സി.കെ. നാണു, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസലർ ഇരട്ട ശമ്പളം വാങ്ങുന്നത് അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്.എഫ്.ഐ. സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 09-06-2014-ന് 12.30-ഓടുകൂടി സർവ്വകലാശാലയിലേക്ക് നടത്തിയ മാർച്ച് യൂണിവേഴ്സിറ്റി ഓഫീസിന്റെ മെയിൻ ഗേറ്റിനുസമീപം പോലീസ് തടയുകയും പ്രകോപിതരായ പ്രവർത്തകർ പോലീസിനുനേരെ കല്ലെറിയുകയും കൊടികെട്ടിയ വടികൊണ്ട് അടിക്കുകയും ചെയ്തു. പിരിഞ്ഞുപോകാനാവശ്യപ്പെട്ടിട്ടും കല്ലേറ് തുടർന്നതിനാൽ പ്രവർത്തകരെ ലാത്തിവീശി ഓടിച്ചു. കല്ലേറിൽ ഡിവൈ.എസ്.പി. ഉൾപ്പെടെ ഒമ്പത് പോലീസുകാർക്ക് പരിക്കേൽക്കുകയും പതിനായിരത്തോളം രൂപയുടെ നാശനഷ്ടം

സംഭവിക്കുകയും ചെയ്തിട്ടുണ്ട്. സംഭവസ്ഥലത്തുനിന്ന് 22 സമരക്കാരെ അറസ്റ്റ്ചെയ്ത് തേഞ്ഞിപ്പാലം പോലീസ്സ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പരപ്പനങ്ങാടി കോടതിയിൽ ഹാജരാക്കി. പോലീസ് ലാത്തിവീശി വിരട്ടിയോടിച്ചതിനിടയിൽ പരിക്കേറ്റ എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറിയുൾപ്പെടെ പത്തുപേർ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സ തേടിയതായി അറിവായിട്ടുണ്ട്. സർവ്വകലാശാല തകർക്കരുത്, അയോഗ്യനായ വൈസ് ചാൻസലർ രാജിവയ്ക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്.എഫ്.ഐ. കണ്ണൂർ ജില്ലാ കമ്മിറ്റി പ്രസിഡന്റിന്റെ നേതൃത്വത്തിൽ 09-06-14-ന് ഉച്ചയ്ക്ക് 1.00 മണിയോടെ എസ്.എഫ്.ഐ. പ്രവർത്തകർ കണ്ണൂർ സർവ്വകലാശാലാ ഓഫീസിലേയ്ക്ക് നടത്തിയ മാർച്ച് കണ്ണൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം യൂണിവേഴ്സിറ്റി മന്ദിരത്തിന് മുമ്പിൽ വച്ച് തടഞ്ഞു. മതിൽ ചാടിക്കടന്ന് ഓഫീസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച പ്രവർത്തകർ പ്രകോപിതരായി പോലീസിനുനേരെ കല്ലെറിയുകയും കൊടികെട്ടിയ വടികൊണ്ട് അടിക്കുകയും ചെയ്തു. സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവുപ്രകാരം പോലീസ് ജലപീരങ്കിയും ടിയർ ഗ്യാസും പ്രയോഗിക്കുകയും പിരിഞ്ഞുപോകാതെ അക്രമത്തിലേർപ്പെട്ടവരെ നിയമാനുസൃതം ലാത്തിച്ചാർജ്ജ് ചെയ്ത് പിരിച്ചുവിടുകയുമുണ്ടായി. കല്ലേറിൽ കണ്ണൂർ ഡിവൈ.എസ്.പി. ഉൾപ്പെടെ നിരവധി

പോലീസുകാർക്ക് പരിക്കേറ്റു. ലാത്തിച്ചാർജ്ജിൽ മറിഞ്ഞുവീണ എസ്.എഫ്.ഐ. കേന്ദ്ര കമ്മിറ്റിയംഗം ഉൾപ്പെടെയുള്ളവർ കണ്ണൂർ എ.കെ.ജി. സഹകരണ ആശുപത്രി, ഗവൺമെന്റ് ആശുപത്രി എന്നിവിടങ്ങളിൽ ചികിത്സ തേടിയതായും രഹൻ രാജിന്റെ വലതുകയ്യുടെ എല്ലിന് പൊട്ടലുള്ളതായും മറ്റുള്ളവരുടെ പരിക്കുകൾ സാരമല്ലെന്നും അറിവായിട്ടുണ്ട്. സംഭവത്തിൽ എസ്.എഫ്.ഐ. കേന്ദ്ര കമ്മിറ്റിയംഗം ഉൾപ്പെടെ മുന്നൂറോളം പേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ </u>: കണ്ണൂർ, കോഴിക്കോട് സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരുടെ നേതൃത്വത്തിൽ നടക്കുന്ന അഴിമതിക്കും അനീതിക്കുമെതിരെ എസ്.എഫ്.ഐ. സംഘടിപ്പിച്ച മാർച്ചിനുനേരെ അക്രമം നടത്തിയ പോലീസിനെ രക്ഷിക്കുന്ന രീതിയിലുള്ള മറുപടിയാണ് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്. ഇരട്ട വേതനം പറ്റുന്ന കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസലറെ പുറത്താക്കണമെന്നും യോഗ്യത സർട്ടിഫിക്കറ്റിൽ ആക്ഷേപമുള്ള കണ്ണൂർ വൈസ് ചാൻസലർക്കെതിരെ നടപടിയും ആവശ്യപ്പെട്ടാണ് മാർച്ച് നടത്തിയത്. പിരിഞ്ഞുപോകണമെന്ന മുന്നറിയിപ്പുപോലും നൽകാതെ വിദ്യാർത്ഥികൾക്കുനേരെ ക്രൂരമായ മർദ്ദനമാണ് പോലീസ് നടത്തിയത്. കോഴിക്കോട് സർവ്വകലാശാലയിലേയ്ക്ക് നടത്തിയ മാർച്ചിൽ 15 പേർക്ക് സാരമായ

പരിക്കാണ് പറ്റിയത്. കണ്ണൂർ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാന്റെ തലയ്ക്ക് പരിക്കേറ്റത് സംബന്ധിച്ച് യാതൊന്നും പരാമർശിച്ചതുമില്ല. സർവ്വകലാശാലകൾക്ക് മുന്നിൽ സമരം നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ യാതൊരു പ്രകോപനവുമില്ലാതെ ജലപീരങ്കിയും മറ്റും ഉപയോഗിച്ച് നടത്തിയ അതിഭീകരമായ ലാത്തിച്ചാർജ്ജിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും മാറ്റി നിറുത്തിക്കൊണ്ടുള്ള സമഗ്ര അന്വേഷണം നടത്താൻ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ന്യായവും സമാധാനപരവും വ്യവസ്ഥാപിതവുമായ സമരങ്ങളോട് അനുഭാവം മാത്രമാണ് ഈ സർക്കാരിനുള്ളത്. വിദ്യാർത്ഥി സമരങ്ങളോട് തികഞ്ഞ സംയമനം പാലിക്കണമെന്ന നിർദ്ദേശമാണ് പോലീസിന് നൽകിയിട്ടുള്ളത്. സമരങ്ങൾ അക്രമാസക്തമാകുമ്പോഴും പോലീസിനെ ആക്രമിക്കുമ്പോഴും പ്രതിരോധം എന്ന നിലയിൽ ലാത്തി വീശേണ്ടി വരാറുണ്ട് എന്നത് സാധാരണമാണ്. കണ്ണൂർ, കോഴിക്കോട് സർവ്വകലാശാലകളുടെ മുന്നിലുണ്ടായ സമരത്തോട് പോലീസ് മന:പൂർവ്വമായ ബലപ്രയോഗം നടത്താൻ മുന്നോട്ട് വന്നിട്ടില്ല എന്നതാണ് വസ്തുത. രണ്ട് സംഭവങ്ങളിലും പോലീസ് അനാവശ്യമായ ബലപ്രയോഗം നടത്തിയിട്ടില്ല. മാത്രമല്ല, അനാവശ്യമായ മർദ്ദനങ്ങളോ ബലപ്രയോഗമോ നടത്തുകയുമില്ല.

പോലീസ് ഉദ്യോഗസ്ഥരടക്കം നിരവധി ആളുകൾ ഇന്ന് ചികിത്സയിലാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

## (1) പെൻഷൻകാരുടെ മെഡിക്കൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ

ശ്രീ. സി. മോയിൻകുട്ടി: സംസ്ഥാനത്തിലെ പെൻഷൻകാർക്ക് ലഭിക്കുന്ന ചികിത്സാ അലവൻസ് അപര്യാപ്തമാണ്. സർക്കാർ മേഖലയിൽ ഒരു മെഡിക്കൽ ഇൻഷ്വറൻസ് കമ്പനി ആരംഭിക്കുകയും പെൻഷൻകാരുടെ ചികിത്സാ അലവൻസിനായി നീക്കിവച്ച തുക പ്രസ്തുത കമ്പനിക്ക് നൽകിക്കൊണ്ട് പെൻഷൻകാരുടെ ചികിത്സ പൂർണ്ണമായും സൗജന്യമാക്കുകയും ചെയ്യണം. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും

പെൻഷൻകാർക്ക് പ്രത്യേക പരിഗണന നൽകണം. പെൻഷൻകാരുടെ ചികിത്സയ്ക്കും മരുന്നിനുമാവശ്യമായ തുക നൽകുന്നതിനായി മെഡിക്കൽ ഫണ്ടിന് രൂപം നൽകണം. പെൻഷൻകാർക്ക് ഹെൽത്ത് കാർഡ് ഏർപ്പെടുത്തുകയും പെൻഷൻ പരിഷ്കരിക്കുകയും കേന്ദ്ര നിരക്കിലുള്ള പെൻഷൻ അനുവദിക്കുകയും ചെയ്യണം. സ്വകാര്യ ആശുപത്രികളിൽ പെൻഷൻകാർക്ക് സൗജന്യ ചികിത്സ നൽകുന്നത് സംബന്ധിച്ച് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്  സർക്കാരിന് നൽകിയ പ്രൊപ്പോസൽ പരിഗണിക്കണം. പെൻഷൻ ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനും നിശ്ചിത പ്രായപരിധി കഴിഞ്ഞ പെൻഷൻകാർക്ക് അധിക പെൻഷൻ അനുവദിക്കുന്നതിനും വൺ മാൻ വൺ പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിനും ഒരു മാസത്തെ പെൻഷൻ തുകയ്ക്ക് തുല്യമായ തുക ഉത്സവ ബത്തയായി നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പെൻഷൻകാരുടെ പ്രശ്നങ്ങൾ ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ നൽകുന്നതിനാവശ്യമായ തുക കണ്ടെത്തുക എന്നതാണ് ഇപ്പോൾ ഗവൺമെന്റ് നേരിടുന്ന പ്രധാന പ്രശ്നം. ഈ സാഹചര്യത്തിൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്.

ഇപ്പോൾ നാഷണൽ ഇൻഷ്വറൻസ് സ്കീം കേരളത്തിലും നടപ്പിലാക്കി കഴിഞ്ഞു. പ്രായപരിധി, പ്രീമിയം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ പരിശോധിച്ച് കേരളത്തിലെ പെൻഷൻകാർക്കായി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. സാമ്പത്തിക ബാദ്ധ്യതയും മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിരിക്കുന്ന രീതിയും പരിശോധിച്ച ശേഷം എൺപതു വയസ്സുകഴിഞ്ഞ ആളുകൾക്ക് പെൻഷൻ അനുവദിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

## (2) ഭവന നിർമ്മാണ പദ്ധതികൾ

ശ്രീ. എ.കെ. ബാലൻ : പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കുമായി നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയായ ഇന്ദിര ആവാസ് യോജന പദ്ധതി ഇന്ന് പ്രതിസന്ധിയിലാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീടുപണി പൂർത്തിയാക്കാൻ കഴിയുന്നില്ല. ത്രിതല തദ്ദേശ സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കേണ്ട ഈ പദ്ധതിക്ക് പണം കൊടുക്കേണ്ട ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം ചുമതലയായി മാറിയിരിക്കുകയാണ്. ഇതിനാനുപാതികമായ വർദ്ധനവ് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ ഉണ്ടാകാത്തത് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാനിടയാക്കിയിട്ടുണ്ട്. ഇന്ദിര

ആവാസ് യോജനയ്ക്ക് തുക വകയിരുത്തിയില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രേഖകൾ അംഗീകരിക്കില്ലെന്ന് പന്ത്രണ്ടാം പദ്ധതി രേഖയിൽ എഴുതി ചേർത്തിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ വിഹിതം അടിയന്തിരമായി നൽകാനും മുടങ്ങിക്കിടക്കുന്ന വീടുകളുടെ പണി പൂർത്തിയാക്കുവാനും പ്രത്യേക പദ്ധതി തയ്യാറാക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഇന്ദിര ആവാസ് യോജനയുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ട്. ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച യൂണിറ്റ് കോസ്റ്റിന് പുറമേയുള്ള അധിക തുക ത്രിതല പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽനിന്നും 25:50:25 എന്ന നിരക്കിൽ നൽകുവാൻ ഉത്തരവായിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച തുകയ്ക്കുമേലുള്ള അധിക തുക പൂർണ്ണമായും കണ്ടെത്തുന്നതിന് പഞ്ചായത്തുകൾക്കുള്ള പ്രയാസം കണക്കിലെടുത്ത് 2012-13 മുതൽ സംസ്ഥാന ഗവൺമെന്റ് വിഹിതം നൽകുന്നുണ്ട്. ബാക്കി പണം നൽകുന്നതിന് മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) കളിമൺ പാത്ര നിർമ്മാണ തൊഴിലാളികളെ ആർട്ടിസാൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. എം.പി. വിൻസെന്റ്: കുംഭാര വിഭാഗത്തിൽപ്പെട്ട കളിമൺ പാത്ര

നിർമ്മാണ തൊഴിലാളികൾ അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവുമൂലം അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഇവരെ കരകൗശലതൊഴിലാളികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : കളിമണ്ണിന്റെ ലഭ്യത കുറവുമൂലം പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ്

ശ്രീ. വി.പി.സജീന്ദ്രൻ: കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : താച്ചർ, രാമഗുണ്ടം വൈദ്യുതി നിലയങ്ങളിലെ തകരാർമൂലം കേന്ദ്ര വൈദ്യുതി വിഹിതത്തിലുണ്ടായ കുറവ്, കൂടങ്കുളം, കായങ്കുളം പവർ സ്റ്റേഷനിൽ നിന്നും ലഭിച്ചിരുന്ന വൈദ്യുതിയിൽ ഉണ്ടായ കുറവ്, ശബരിഗിരി പദ്ധതിയിൽ പെൻസ്റ്റോക്കിന്റെ ബട്ടർഫ്ലൈ

വാൽവിലുണ്ടായ തകരാർ തുടങ്ങിയ കാരണങ്ങളാൽ സംസ്ഥാനത്ത് ഏതാണ്ട് 858 മെഗാവാട്ട് വൈദ്യുതിയുടെ കുറവുണ്ടായതിനാൽ സംസ്ഥാന വ്യാപകമായി പവർ കട്ട് ഉണ്ടായിട്ടുണ്ട്. ഫ്രീക്വൻസി വേരിയേഷൻ ഉണ്ടായതിനെത്തുടർന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ഡയറക്ഷൻ അനുസരിച്ച് സ്പെഷ്യൽ സിസ്റ്റം കൺട്രോൾ ഏർപ്പെടുത്തിയതുമൂലം 110 കെ.വി സബ്സ്റ്റേഷനുകളിൽ 16 എണ്ണത്തിൽ പ്രശ്നമുണ്ടായി അതിലൊന്ന് കുന്നത്തുനാട് നിയോജകമണ്ഡലത്തിലാണ്. ഫ്രീക്വൻസി കുറയുമ്പോൾ ഓട്ടോമാറ്റിക്കായി പവർ സപ്ലൈ നിലയ്ക്കും. അത് ദിവസത്തിൽ പല പ്രാവശ്യം സംഭവിക്കുന്നുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

## (3) വർക്കല നിയോജക മണ്ഡലത്തിലെ വൈദ്യുതി തടസ്സം

ശ്രീ. വർക്കല കഹാർ: വർക്കല നിയോജകമണ്ഡലത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി ( ശ്രീ. ആര്യാടൻ മുഹമ്മദ്) : വിവിധ വൈദ്യുതി നിലയങ്ങളിലെ തകരാറും സെൻട്രൽ പൂളിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന വിഹിതത്തിലുണ്ടായ കുറവും മൂലമാണ് ചില സ്ഥലങ്ങളിൽ

പവർ കട്ട് ഉണ്ടായത്. 16 സ്ഥലങ്ങളിലാണ് ഇത്തരത്തിൽ പവർ കട്ട് ഉണ്ടായത് അതിലൊന്നാണ് വർക്കല നിയോജകമണ്ഡലം. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ഡയറക്ഷൻ അനുസരിച്ചുള്ള സ്പെഷ്യൽ പ്രൊട്ടക്ഷൻ സ്കീം പ്രകാരം ഫ്രീക്വൻസി കുറയുന്ന സന്ദർഭങ്ങളിൽ ഓട്ടോമാറ്റിക്കായി പവർ കട്ട് ഉണ്ടാകുന്ന സാഹചര്യവും നിലവിലുണ്ട്. തകരാറുകൾ പരിഹരിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ പവർ സപ്ലൈ സാധാരണ നിലയിലാകുമെന്ന് പ്രതീക്ഷിക്കുന്നു.

## (4) ഏകീകൃത യൂണിഫോം പദ്ധതി നിറുത്തിവയ്ക്കൽ

ശ്രീമതി കെ. എസ്. സലീഖ: സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഏകീകൃത യൂണിഫോം പദ്ധതി നിറുത്തിവയ്ക്കുന്നതിനും യൂണിഫോം വിതരണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സംസ്ഥാനത്തെ സ്കൂളുകളിൽ ഏകീകൃത യൂണിഫോം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടില്ല. സ്കൂളുകൾക്ക് തുക അനുവദിച്ചുകൊണ്ട് ഇഷ്ടമുള്ള ഡിസൈനുകൾ തെരഞ്ഞെടുക്കുന്നതിനും ഗുണമേന്മയുള്ള യൂണിഫോം തുണിത്തരങ്ങൾ കുട്ടികൾക്ക് ഉറപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

## (5) ബ്ലേഡ് മാഫിയ സംഘം

ശ്രീ. പാലോട് രവി: ബ്ലേഡ് മാഫിയയുടെ ഭീഷണിയെ തുടർന്ന് കരകുളം പഞ്ചായത്തിൽ മണ്ണന്തല കിഴക്കേ മുക്കോലയിൽ ശിവജി നഗറിൽ താമസിച്ചിരുന്ന മനോഹരനാശാരിയും കുടുംബവും ആത്മഹത്യ ചെയ്ത സംഭവത്തിൽ മുഴുവൻ പ്രതികളെയും പിടികൂടുന്നതിനും സംസ്ഥാനത്തൊട്ടാകെ കൊള്ളപ്പലിശക്കാർക്കെതിരെയുള്ള 'ഓപ്പറേഷൻ കുബേര' തുടരുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തിരുവനന്തപുരം മണ്ണന്തല കിഴക്കേ മുക്കോലയിൽ ശിവജി നഗറിൽ താമസിച്ചിരുന്ന മനോഹരനാശാരിയും കുടുംബവും ആത്മഹത്യ ചെയ്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്ത് സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ അന്വേഷണം നടന്നു വരികയാണ്. ബ്ലേഡ് മാഫിയയുടെ ഭീഷണിയെ തുടർന്നാണ് ഈ കുടുംബം ആത്മഹത്യ ചെയ്തതെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. രണ്ടു പേരൊഴികെ ആറു പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സംഭവത്തെത്തുടർന്ന് സംസ്ഥാനത്തൊട്ടാകെ കൊള്ളപ്പലിശക്കാർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ ആഭ്യന്തര വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനകം റെയ്ഡുകൾ നടത്തി രേഖകൾ പിടിച്ചെടുക്കുകയും നിരവധി പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൊള്ളപ്പലിശക്കാരിൽ നിന്നും സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാനുള്ള ഈ നടപടി തുടരുന്നതാണ്.

## (6) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ സുധ എന്ന യുവതിയുടെ ദുരൂഹ മരണം

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര മാവടി സ്വദേശി സുധ കല്ലടയാറ്റിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിൽ അന്വേഷണം ഊർജ്ജിതമാക്കുന്നതിനും കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ശാസ്താംകോട്ട പോലീസ് സ്റ്റേഷനിൽ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആന്തരികാവയവങ്ങളുടെ രാസപരിശോധനാ റിപ്പോർട്ട് വന്നതിനുശേഷം മാത്രമേ മരണകാരണം കൃത്യമായി അറിയാൻ സാധിക്കുകയുള്ളൂ. മരണപ്പെട്ട യുവതിയുടെ അച്ഛന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ഡിവൈ.എസ്.പി.-ക്ക് അന്വേഷണച്ചുമതല നൽകിയിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം മാനിച്ച് ഈ കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുന്നതാണ്.

## (7) ചെറുകിട റബ്ബർ വ്യാപാരികൾക്ക് കുടിശ്ശിക തുക ലഭ്യമാക്കൽ

ശ്രീ. കെ. രാജു: മൂവാറ്റുപുഴക്കാരായ ചില വൻകിട റബ്ബർ കച്ചവടക്കാർ ചെറുകിട റബ്ബർ വ്യാപാരികളിൽ നിന്നും കോടിക്കണക്കിന് രൂപയുടെ റബ്ബർ വാങ്ങി പണം നൽകാതെ തട്ടിപ്പ് നടത്തുകയുണ്ടായി. പണം ലഭിക്കാത്തതുമൂലം ഈ റബ്ബർ

കർഷകർ ആത്മഹത്യയുടെ വക്കിലാണ്. അടിയന്തരമായി ഇതിനൊരു പരിഹാരം കാണണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഈ വിഷയവുമായി ബന്ധപ്പെട്ട് അഞ്ചൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ് ഇപ്പോൾ കൊല്ലം റൂറൽ എസ്.പി. അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ നിയമപരമായി ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുന്നതാണ്.

## (8) കപ്പേളകളും പള്ളിയും തകർത്ത സംഭവത്തെക്കുറിച്ച് അന്വേഷണം

ശ്രീ. ബി. ഡി. ദേവസ്സി: ഇരിങ്ങാലക്കുടയിലെ മൂർക്കനാട് സംഭവത്തെത്തുടർന്ന് ചാലക്കുടി മണ്ഡലത്തിലെ നാല് കപ്പേളകളും പള്ളിയും തകർക്കുകയും ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലെ എസ്.ഐ.-യും സഹോദരനും താമസിക്കുന്ന വീട് ആക്രമിക്കുകയും ചെയ്ത സംഭവങ്ങളിൽ കുറ്റക്കാരെ കണ്ടെത്തുകയോ പ്രതികളെ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച അന്വേഷണം ഊർജ്ജിതമാക്കി കുറ്റക്കാരെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മൂർക്കനാട് സെന്റ് ആന്റണീസ് പള്ളിപ്പെരുനാളിനോടനുബന്ധിച്ചുള്ള പ്രദക്ഷിണം

മൂർക്കനാട് ശിവക്ഷേത്രത്തിന് മുന്നിലുള്ള റോഡിലൂടെ കടന്നുപോയപ്പോൾ ചിലർ റോഡിൽ മാർഗ്ഗ തടസം സൃഷ്ടിച്ചു. ഇതുമായി ബന്ധപ്പെട്ട് പോലീസ് പതിനൊന്ന് കേസുകൾ രജിസ്റ്റർ ചെയ്യുകയും കുറച്ചുപേരെ അറസ്റ്റുചെയ്യുകയുമുണ്ടായി. കൂടുതൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനാവശ്യമായ ഊർജ്ജിത നടപടി സ്വീകരിക്കും. ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ എസ്.ഐ.യും സഹോദരനും താമസിക്കുന്ന വീട്ടിൽ നടന്ന ആക്രമണം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## (9) <u>അബ്ദുൾ ഹക്കീമിന്റെ കൊലപാതകം</u>

<u>ശ്രീ. സി. കൃഷ്ണൻ</u>: പയ്യന്നൂർ തെക്കമ്പലത്തെ അബ്ദുൾ ഹക്കീമിന്റെ കൊലപാതകികളെ കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: 10-02-2014-ന് രാവിലെ 6.45-ന് പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള മദ്രസ പള്ളിയുടെ പിൻവശത്ത് കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയ മൃതദേഹം അബ്ദുൾ ഹക്കീമിന്റേതാണെന്ന പ്രാഥമിക നിഗമനത്തിലെത്തുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. തലയിലേറ്റ ഗുരുതരമായ പരിക്കാണ്

മരണകാരണമായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. തളിപ്പറമ്പ് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഊർജ്ജിത അന്വേഷണം നടക്കുന്നുണ്ടെങ്കിലും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ലോക്കൽ പോലീസിന്റെ അന്വേഷണം എങ്ങുമെത്താത്ത സാഹചര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ആവശ്യം പരിഗണിച്ച് അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറാൻ തീരുമാനിച്ചിരിക്കുകയാണ്.

(10) <u>പാർക്കിംഗ് ഫീസ് ഈടാക്കിയ യുവാവിനെ മർദ്ദിച്ച സംഭവം</u>

<u>ശ്രീ. ജി. സുധാകരൻ</u>: ആലപ്പുഴ ബീച്ചിൽ കാർ പാർക്ക് ചെയ്ത വനിതാ പോലീസ് കോൺസ്റ്റബിളിന്റെ ഭർത്താവിൽ നിന്നും പാർക്കിംഗ് ഫീസ് ഈടാക്കിയ അരുൺ കുമാറിനെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ച പോലീസുകാരെ സർവ്വീസിൽ നിന്ന് പിരിച്ചുവിടണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: പാർക്കിംഗ് ഫീസ് ഈടാക്കിയതിന്റെ പേരിൽ കേസ്സെടുത്ത് മർദ്ദിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തുകയും എ.എസ്.ഐ. കൃഷ്ണകുമാറിനെയും വനിതാ പോലീസുകാരിയായ

ജസീന്തയെയും സസ്പെന്റ് ചെയ്യുകയുമുണ്ടായി. നിയമവിരുദ്ധമായ നടപടികളെടുത്ത് പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന പോലീസുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (11)<u>പാലം നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരത്തുക നൽകൽ</u>

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനും ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണത്തിനായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ പാലോട് വില്ലേജിൽ നിന്നും 65.8 ആർ ഭൂമിയും കല്ലറി വില്ലേജിൽ നിന്നും 58.81 ആർ ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ട്. ജില്ലാതല പർച്ചേസ് കമ്മിറ്റി സ്ഥലവില സംബന്ധിച്ച് ഭൂവുടമകളുമായി ചർച്ചകൾ നടത്തി സ്റ്റേറ്റ് ലെവൽ എമ്പവേർഡ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച ശുപാർശ കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അംഗീകരിക്കാതെ മാറ്റിവച്ചിരിക്കുകയാണ്. എമ്പവേർഡ് കമ്മിറ്റിക്ക്

എത്രയുംവേഗം വിശദാംശങ്ങൾ നൽകി നടപടികൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(12) **ഭൂപ്രശ്നങ്ങൾ**

ശ്രീ. റോഷി അഗസ്റ്റിൻ : ഇടുക്കി ജില്ലയിലെ പട്ടയവുമായി ബന്ധപ്പെട്ട ഭൂപ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഇടുക്കി ജില്ലയിലെ പട്ടയപ്രശ്നം പരിഹരിക്കാൻ മുഖ്യമന്ത്രി തലത്തിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനമെടുത്ത് നടപടികൾ പൂർത്തീകരിച്ചുവന്നപ്പോൾ അതിനെ അട്ടിമറിക്കുന്ന തരത്തിലുള്ള ചില ഇടപെടലുകൾ ഉണ്ടായി. ഇടുക്കിജില്ലയിലെ കർഷകരോടുള്ള പ്രതിബദ്ധത കണക്കിലെടുത്ത് ജനപ്രതിനിധികളെക്കൂടി വിളിച്ചുചേർത്തുകൊണ്ടുള്ള യോഗത്തിൽ പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(13) **ആശാവർക്കർമാരുടെ ഓണറേറിയം**

ശ്രീ. എളമരം കരീം: ആശാവർക്കാർമാരുടെ ഓണറേറിയ കുടിശ്ശിക തീർത്തു കൊടുക്കുന്നതിനും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ ആശാപ്രവർത്തനത്തിൽ നിന്നും പിരിച്ചുവിടാതിരിക്കുന്നതിനും

നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ആശാപ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയം തുകയിൽ വന്നിട്ടുള്ള കുടിശ്ശിക കൊടുത്തുതീർക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ 26-8-2013- ലെ സർക്കാർ ഉത്തരവുപ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ ആശാപ്രവർത്തനത്തിൽനിന്നും ഒഴിവാക്കിയതു സംബന്ധിച്ച് കോടതിയുടെ പരിഗണനയിലിരിക്കുന്ന റിട്ട് പെറ്റീഷന്റെ അന്തിമവിധി വരുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## (14) മെഡിക്കൽ കോളേജിന്റെ നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മതിയായ തുക വകയിരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തന

ങ്ങൾക്കായി ഇതുവരെ പതിനൊന്നേകാൽ കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അനുവദിച്ച തുക പ്രോജക്ട് പ്രദേശത്ത് ഇന്റേണൽ റോഡുകൾക്കും ജലലഭ്യതയ്ക്കുമായി വിനിയോഗിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഇതിനായി വകയിരുത്തിയ രണ്ടരക്കോടിരൂപയുടെ വിനിയോഗം സംബന്ധിച്ചും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന മുറയ്ക്ക് സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെടുന്നപ്രകാരം നിർമ്മാണപ്രവർത്തനങ്ങൾക്ക് നൽകുന്നതാണ്. കൂടാതെ നബാർഡിൽനിന്നും ഫണ്ട് ലഭ്യമാക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

## (15) മങ്കട സി.എച്ച്.സി.യിലെ നിയമനം

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താലൂക്കാശുപത്രിയായി ഉയർത്തിയ മങ്കട സി.എച്ച്.സി.യിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള നിയമനങ്ങൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്.

ശിവകുമാർ): താലൂക്കാശുപത്രിയായി ഉയർത്തിയ മങ്കട സി.എച്ച്.സി.യിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നതുസംബന്ധിച്ച് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മേശപ്പുറത്തുവച്ച കടലാസ്സുകൾ:

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം:**

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന:**

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (1) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

**ക്രമപ്രശ്നം**

**ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല എന്നാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത്. ഈ ബില്ലിൽ 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ 17-ാം വകുപ്പ് ഭേദഗതി ചെയ്യുന്നുണ്ട്. 'സെനറ്റിലെ മറ്റംഗങ്ങൾ' എന്ന ക്ലാസ്സയിൽ നിലവിലെ അഞ്ചാം ഇനത്തിൽ നാല് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ബിൽ ഭേദഗതി ചെയ്യുന്നതോടുകൂടി നാല് അംഗങ്ങൾ എന്നത് ആറായി വർദ്ധിക്കും. രണ്ടുപേരെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഈ രണ്ട് അംഗങ്ങൾക്കുവരുന്ന അധികച്ചെലവിനെ സംബന്ധിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടില്ല. ഇന്ന്

അവതരിപ്പിക്കുന്ന മറ്റൊരു ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ സ്വയംഭരണ കോളേജുകളിലെ അക്കാദമിക് കൗൺസിലിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്ക് ബത്ത നൽകേണ്ടി വരുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ബില്ലിൽ അത് വ്യക്തമാക്കിയിട്ടില്ല. അതുസംബന്ധിച്ച് വിശദീകരണം നൽകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): ബില്ലിലെ 3-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ 17-ാം വകുപ്പിൽ 'സെനറ്റിലെ മറ്റംഗങ്ങൾ' എന്ന ശീർഷകത്തിൻകീഴിൽ നാല് അംഗങ്ങൾ എന്നതിനുപകരം 6-ൽ കവിയാത്ത അംഗങ്ങൾ എന്ന് ചേർക്കുന്നതിനാണ് നിർദ്ദിഷ്ട ഭേദഗതി. 17-ാം വകുപ്പിൽ സർവ്വകലാശാലയുടെ സെനറ്റിൽ ഉണ്ടായിരിക്കേണ്ട അംഗങ്ങളെക്കുറിച്ചാണ് വ്യവസ്ഥ ചെയ്യുന്നത്. സെനറ്റിലെ അംഗങ്ങൾക്കുള്ള അലവൻസുകൾ, മറ്റ് ചെലവുകൾ എന്നിവ സർവ്വകലാശാലകളുടെ ഫണ്ടിൽനിന്നാണ് നൽകേണ്ടത്. ആയതിനാൽ ഇതിലേയ്ക്കായി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും യാതൊരു ചെലവും വരുന്നതല്ല. ചട്ടങ്ങൾപ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽന്ന് ചെലവ് വരുന്നപക്ഷം മാത്രം ആയത് ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതാണ്. സർവ്വകലാശാല ഫണ്ടിൽനിന്നുള്ള ചെലവുകൾ ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിക്കേണ്ടതില്ല.

**റൂളിംഗ്**

മി. സ്പീക്കർ : 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിനോടൊപ്പം നൽകിയിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം ക്രമപ്രകാരമല്ലാത്തതിനാൽ പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം സഭയിൽ വയ്ക്കണമെന്നാണ് ക്രമപ്രശ്നം. ബില്ലിന്റെ 3 (ബി) ഖണ്ഡപ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല നിയമത്തിലെ സെക്ഷൻ 17 ഭേദഗതി ചെയ്ത് മറ്റംഗങ്ങളുടെ ക്വാട്ടയിൽ നാലിനുപകരം ആറ് അംഗങ്ങളെ സെനറ്റിലേയ്ക്ക് സർക്കാരിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അധികംവരുന്ന രണ്ട് അംഗങ്ങളുടെ അലവൻസിനും മറ്റ് ചെലവുകൾക്കും എത്ര തുക വരുമെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിക്കാത്തത് ക്രമപ്രകാരമല്ലെന്നാണ് ഉന്നയിച്ചിരിക്കുന്നത്.

പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കണമെന്നും ബിൽ നിയമമാകുന്നപക്ഷം ഉണ്ടാകുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പുചെലവുകൂടി ധനകാര്യ മെമ്മോറാണ്ടത്തിൽ നിലനിൽക്കണമെന്നും നിയമസഭാ ചട്ടം 71 അനുശാസിക്കുന്നു. നിലവിലുള്ള സെനറ്റ് അംഗങ്ങളുടെ എണ്ണം നാലിൽനിന്നും ആറ് ആകുമ്പോൾ അധികച്ചെലവ് ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്നും

ഇക്കാര്യത്തിൽ ചെലവുണ്ടാകുകയില്ലെന്നും സർവ്വകലാശാല ഫണ്ടിൽനിന്നുമാണ് ഈ അധികച്ചെലവിനുള്ള തുക കണ്ടെത്തുന്നതെന്നുമാണ് മന്ത്രി നൽകിയ വിശദീകരണം. സഞ്ചിത നിധിയിൽനിന്നും ചെലവ് ഉണ്ടാകുകയില്ലെങ്കിലും നിയമസഭാ ചട്ടം അനുശാസിക്കുംപ്രകാരം ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി മതിപ്പ് ചെലവ് സഭയെ അറിയിക്കുന്നതായിരിക്കും ഉചിതം എന്ന് ചെയർ കരുതുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കണമെന്നും പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിനുമുമ്പ് അംഗങ്ങളുടെ അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യണമെന്നും ചെയർ റൂൾ ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 250-ാം നമ്പർ ബിൽ അവതരിപ്പിച്ചപ്പോൾ കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും നിയമനത്തെ സംബന്ധിച്ച്

ഏകീകരണം ഉണ്ടാകണമെന്ന് നിർദ്ദേശം വന്നിരുന്നു. സഭയുടെ പരിഗണനയിലുണ്ടായിരുന്ന പ്രസ്തുത ബിൽ അന്ന് ചർച്ചയ്ക്കെടുത്തിരുന്നില്ല. ബില്ലിൽ പ്രതിപാദിച്ചിരുന്ന അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിലെ അതേ രീതിയിലുള്ള സംവരണം കേരളത്തിലെ ഇതര സർവ്വകലാശാലകളിൽക്കൂടി പ്രാബല്യത്തിൽ വരുത്താൻ ഉദ്ദേശിച്ചുകൊണ്ടും കേരളത്തിലെ മറ്റ് സർവ്വകലാശാലകളിലേതുപോലെ പ്രോ-വൈസ് ചാൻസലറുടെ കാലാവധി നിയമനത്തീയതി മുതൽ നാല് വർഷത്തേയ്ക്കായിരിക്കണമെന്നും പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കണമെന്നുമുള്ള നിയമഭേദഗതി വരുത്താൻ ഉദ്ദേശിച്ചുകൊണ്ടും സംസ്ഥാനത്തെ ഇതര സർവ്വകലാശാലകളിലെ സെനറ്റിൽ മറ്റംഗങ്ങൾ എന്ന ശീർഷകത്തിൽ രണ്ടുവീതം വിവരസാങ്കേതിക ജൈവ സാങ്കേതിക വിഭാഗങ്ങളിലെ വിദഗ്ദ്ധർക്കുപകരമായി ആറ് ഉന്നത വിദ്യാഭ്യാസ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഏകീകരിക്കുന്നതിന് തീരുമാനിച്ചുകൊണ്ടും ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. ആ ഓർഡിനൻസുകൾക്ക് പകരമുള്ള ഈ ബിൽ സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

ഡോ. കെ.ടി. ജലീൽ : I move that - "This House resolves to disapprove The University Laws (Amendment) Ordinance, 2014 (Ordinance No.2 of 2014)." കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ ഒരു യൂണിറ്റാക്കിയെടുത്ത് സാമുദായിക സംവരണം ഉറപ്പുവരുത്തണം

എന്നുള്ളതാണ് ബില്ലിലെ പ്രധാനപ്പെട്ട ഭേദഗതി. സർവ്വകലാശാലകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ നടന്നുകൊണ്ടിരുന്ന സന്ദർഭങ്ങളിൽ സംവരണം പാലിക്കാത്ത സ്ഥിതിയുണ്ടായിരുന്നു. അത്തരം അപാകത ഒഴിവാക്കുന്നതിനാണ് ഭേദഗതി ബിൽ അവതരിപ്പിച്ചത്. ഒരു സർക്കാരിന് യഥേഷ്ടം സെനറ്റ് അംഗങ്ങളുടെ പ്രവർത്തന കാലാവധി നീട്ടിക്കൊടുക്കാവുന്നതാണെന്നുള്ള ഭേദഗതി സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവത്തെയും സംവിധാനത്തെയും പ്രതികൂലമായി ബാധിക്കും.

വൈസ് ചാൻസിലർമാരെ നിയമിക്കുമ്പോൾ അവർക്ക് അർഹമായ യോഗ്യതയുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസിലർ പെൻഷനും ഇപ്പോഴത്തെ തസ്തികയിലുള്ള ശമ്പളവും കൈപ്പറ്റുന്നത് യു.ജി.സി. വ്യവസ്ഥയുടെ ലംഘനമാണ്. കുസാറ്റിന്റെ പ്രോ-വൈസ് ചാൻസിലർ സാമ്പത്തിക അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. സംസ്ഥാനത്തെ സർവ്വകാലാശകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ കോളേജുകളുടെ നിലവാരം, സീറ്റുകളുടെ എണ്ണം, അപേക്ഷിച്ച കുട്ടികളുടെ എണ്ണം എന്നിവ സംബന്ധിച്ച് പരിശോധിക്കണം. കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ് സർവ്വകലാശാലകളിലെ അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് സംസ്ഥാനത്ത് കൂടുതൽ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ

സ്ഥാപിക്കണം. പ്രൊഫഷണൽ കോളേജുകൾക്ക് അനുമതി നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തണം. മലബാറിൽ പുതിയ ഹയർ സെക്കൻററി സ്കൂളുകളും ആർട്ട്സ് ആന്റ് സയൻസ് കോളേജും ആരംഭിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഹ്യുമാനിറ്റീസ്, ആർട്സ് ആന്റ് സയൻസ് വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള കോളേജുകൾ ആരംഭിക്കണം. കോഴിക്കോട് സർവ്വകലാശാലയിലെ അംഗങ്ങളുടെ പ്രവർത്തന കാലാവധിയിൽ വരുത്തിയിരിക്കുന്ന ഭേദഗതിയോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിലെ വിദ്യാഭ്യാസ മേഖല തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജാതി-മത-രാഷ്ട്രീയ താല്പര്യങ്ങൾക്കുവേണ്ടി വൈസ് ചാൻസിലർ പദവി സംവരണ തസ്തികയായി മാറിക്കൊണ്ടിരിക്കുകയാണ്. വി.സി. നിയമനങ്ങളിൽ യു.ജി.സി. മാനദണ്ഡം പാലിക്കപ്പെടുന്നില്ല. വിദ്യാലയങ്ങളെ കച്ചവട സ്ഥാപനങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. എല്ലാ മേഖലയിലും പിന്നോക്കവിഭാഗങ്ങളുടെ അർഹതപ്പെട്ട സംവരണം അട്ടിമറിക്കപ്പെടുകയാണ്. സ്വാശ്രയ മേഖലയിൽ സംവരണമോ സേവന-വേതന വ്യവസ്ഥകളോ പാലിക്കപ്പെടുന്നില്ല. ഈ

മേഖലയിലെ അധ്യാപകരുടെ യോഗ്യത പരിശോധിക്കണം. സർവ്വകലാശാലയിലെ ഉത്തരക്കടലാസിൽ ഫാൾസ് നമ്പർ ഇടുന്നത് പിൻവലിക്കാൻ തീരുമാനിച്ചതിന്റെ കാരണം വിശദീകരിക്കണം. അൺഎയ്ഡഡ് സ്കൂളുകളേയും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും നിയന്ത്രിക്കാനാവശ്യമായ നിയമം നിർമ്മിക്കണം. നമ്മുടെ സർവ്വകലാശാലകൾ ഔന്നത്യം കാത്തുസൂക്ഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ സംവിധാനങ്ങൾ ഏർപ്പെടുത്തണം. യോഗ്യതാമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം സർവ്വകലാശാലകളിൽ ഉന്നത ഉദ്യോഗസ്ഥരെ നിയമിക്കേണ്ടത്. സർവ്വകലാശാലകളുടെ അക്കാദമികവും ഗവേഷണപരവുമായ വളർച്ചയ്ക്ക് മുൻതൂക്കം നൽകാനും യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരണമായി കരാർ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കാനും സർവ്വകലാശാലകളിൽ ഉന്നത തസ്തികകളിലും കമ്മിറ്റികളിലും ഒരു പ്രത്യേക വിഭാഗത്തെ മാത്രം നിയമിക്കുന്ന പ്രവണത അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. വി.റ്റി. ബൽറാം : 2014- ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

യൂണിവേഴ്സിറ്റി തലങ്ങളിൽ സംവരണതത്വം നടപ്പിലാക്കുകയെന്നതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള എല്ലാ പിന്നോക്കവിഭാഗങ്ങൾക്കും നീതി ഉറപ്പുവരുത്തുന്നതിനാണ് സംവരണം നടപ്പിലാക്കിയിട്ടുള്ളത്. മെറിറ്റിന്റെ പ്രാധാന്യത്തിൽ കുറവുവരാതെ അർഹരായവരെ സർവ്വകലാശാലകളിലെ ഉന്നതസ്ഥാനങ്ങളിൽ നിയമിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയിലും സ്കൂൾ വിദ്യാഭ്യാസ മേഖലയിലുമുള്ള എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനങ്ങളിലെ അഴിമതി അവസാനിപ്പിക്കുന്നതിനുമായി ഒരു അക്കാഡമിക് സർവ്വീസ് കമ്മീഷന് രൂപം നൽകണം. ആട്ടോണമസ് കോളേജുകൾ ആരംഭിക്കുന്നതിൽ ജാഗ്രത പുലർത്തണം. ഗവേഷണ രംഗത്ത് വിദ്യാർത്ഥികൾ നേരിടുന്ന ചൂഷണങ്ങളെക്കുറിച്ചുള്ള പരാതികൾ മുന്നിൽക്കണ്ടുവേണം നയസമീപനങ്ങളെക്കുറിച്ച് ആലോചിക്കേണ്ടത്. കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം നൽകുമ്പോൾ സിലബസ് പരിഷ്കരിച്ച് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധിക്കണം. സർവ്വകലാശാലകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയും റിസർച്ച് & ഡവലപ്മെന്റിന് മുൻതൂക്കം കൊടുക്കുകയും ചെയ്യണം.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. ബില്ലിൽ 3 (സി)യിൽ സെനറ്റിലെ അംഗങ്ങൾ ചാൻസലർക്കോ സർക്കാരിനോ ഇഷ്ടമുള്ളിടത്തോളം അവരുടെ ഉദ്യോഗം വഹിക്കേണ്ടതാണ് എന്നുപറയുമ്പോൾ സെനറ്റ് അംഗങ്ങൾ സർക്കാരിന്റെ രാഷ്ട്രീയ താത്പര്യങ്ങൾ സംരക്ഷിക്കാനുള്ള ഉപകരണങ്ങൾ മാത്രമായി മാറുന്ന സാഹചര്യമുണ്ടാകും സമൂഹത്തിലെ എല്ലാ മേഖലകളിൽനിന്നുള്ള ആളുകളെയും വിദ്യാഭ്യാസ വിചക്ഷണൻമാർക്കൊപ്പം സെനറ്റിൽ ഉൾപ്പെടുത്തണം. നോമിനേറ്റ് ചെയ്യപ്പെടുന്ന സെനറ്റ് അംഗങ്ങളെ ചാൻസിലറോ ഗവൺമെന്റോ ഒഴിവാക്കാൻ പാടില്ല. സർവ്വകലാശാലകളുടെ സ്വയംഭരണവും വൈസ് ചാൻസിലർ നിയമനവും സംബന്ധിച്ച് സർക്കാർ പുലർത്തുന്ന സമീപനം ഗുണകരമല്ല. അനർഹരായവരെ വൈസ് ചാൻസിലർ പദവിയിൽ നിയമിക്കുന്നത് ഒഴിവാക്കണം. നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇരട്ടവേതനം കൈപ്പറ്റുന്ന കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസിലർക്കെതിരെ നടപടിയെടുക്കണം. വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും അധ്യാപകർക്കുമെതിരെ അന്യായ നടപടികൾ സ്വീകരിക്കുന്നതും സർവ്വകാലശാലകളിൽ സ്വതന്ത്രമായ ആശയവിനിമയത്തിനും സംഘടനാ സ്വാതന്ത്ര്യത്തിനും വിലക്കേർപ്പെടുത്തുന്നതും തടയണം. സർവ്വകലാശാലകൾക്ക് സംഭവിച്ചിരിക്കുന്ന മൂല്യച്യുതിക്ക് പരിഹാരമുണ്ടാക്കാൻ ഈ ബില്ലിലൂടെ കഴിയണം. ആർട്സ് & സയൻസ്

കോളേജുകളിൽ കാലഘട്ടത്തിനനുസൃതമായ കോഴ്സുകൾ ആരംഭിക്കണം. സർവ്വകലാശാലകളുടെ പവിത്രതയും പാരമ്പര്യവും ഉയർത്തിപ്പിടിക്കുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായ ആശയവിനിമയം നടത്താനുള്ള സാഹചര്യം ഉറപ്പാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>): സംവരണ തത്വം പാലിക്കുന്നതുമായി ബന്ധപ്പെട്ട് കേരളാ യൂണിവേഴ്സിറ്റിയിലുണ്ടായ പ്രശ്നത്തെത്തുടർന്നാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. വൈസ് ചാൻസിലർ നിയമനം സംബന്ധിച്ച ചർച്ചകളാണ് ഇവിടെ നടന്നത്. വൈസ് ചാൻസിലർമാരുടെ നിയമനാധികാരം ഗവർണർക്കാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ മുന്നൂറോളം പുതിയ കോഴ്സുകൾ ആരംഭിച്ചു. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കൂടുതൽ പഠന സൗകര്യമുണ്ടാക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. അംഗങ്ങൾ ഉന്നയിച്ച നല്ല നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം-2014 സംബന്ധിച്ച VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന .പ്രമേയം സഭ അംഗീകരിച്ചു

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## 2) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): ഉന്നത വിദ്യാഭ്യാസ മേഖലയിൽ നവീനവും പരീക്ഷണാത്മകവുമായ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് സ്വയംഭരണ കോളേജുകൾക്കായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ 2007-ൽ യു.ജി.സി. രൂപം നൽകിയത്. പതിനൊന്നാം പദ്ധതി കാലയളവിൽ പത്ത് ശതമാനം കോളേജുകൾക്കെങ്കിലും സ്വയംഭരണം നൽകുന്നതിനായി സംസ്ഥാനങ്ങൾക്കും സർവ്വകലാശാലകൾക്കും യു.ജി.സി. പ്രോത്സാഹനം നൽകിയതിന്റെ ഫലമായി 21 സംസ്ഥാനങ്ങളിലെ 84 സർവ്വകലാ ശാലകൾക്ക് കീഴിലായി 441 കോളേജുകൾ സ്വയംഭരണ പദവി നേടിയിട്ടുണ്ട്. ഉന്നതനിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2014-15 അദ്ധ്യയന വർഷം മുതൽ അർഹമായ കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കോളേജുകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നതിനും സ്വയംഭരണാവകാശം സംബന്ധിച്ച് പ്രത്യേക അദ്ധ്യായം

സർവ്വകലാശാലാ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി രൂപരേഖ തയ്യാറാക്കുന്നതിനും നിയമ വകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട രണ്ടംഗ സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. അക്കാദമിക് സ്വയംഭരണം സംബന്ധിച്ച് പുതിയൊരു അദ്ധ്യായം കേരള, എം.ജി., കാലിക്കട്ട്, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ ആക്ടുകളിൽ ഉൾപ്പെടുത്തി പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമായി കേരളത്തിലെ സർവ്വകലാശാലകളുടെ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനായി കൊണ്ടുവന്ന ഈ ബിൽ സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: I move that- "This House resolves to disapprove The University Laws (Third Amendment) Ordinance, 2014 (Ordinance No.4 of 2014)". സമഗ്രമായ പഠനവും ചർച്ചയും നടത്താതെ കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാനുള്ള നടപടി ആപത്കരമാണ്. 2013 ഡിസംബർ 13-ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ കമ്മിറ്റിയാണ് സ്വയംഭരണാവകാശത്തിന് ശുപാർശ ചെയ്തത്. അക്കാദമിക് ആട്ടോണമിയുടെ മറവിൽ അഡ്മിനിസ്ട്രേറ്റീവ്/ഫിനാൻഷ്യൽ ആട്ടോണമിയിലേയ്ക്ക് കോളേജുകളെ

കൊണ്ടുപോകുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സിലബസ്, പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫീസ് ഘടന എന്നിവ നിശ്ചയിക്കുന്നതിനുള്ള അധികാരം മാനേജ്മെന്റുകൾക്ക് നൽകുന്നത് സംബന്ധിച്ച് പരിശോധിക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഉന്നതവിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന നിയമനിർമ്മാണമാണിത്. ആട്ടോണമസ് കോളേജുകളുടെ പ്രവർത്തനത്തെയും പോരായ്മകളെയും സംബന്ധിച്ച് പരിശോധിക്കാതെയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആശങ്കകൾ ദൂരീകരിക്കണം. ആട്ടോണമസ് പദവി നൽകാനുള്ള അന്തിമ തീരുമാനമെടുക്കാനുള്ള അവകാശം വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ കൗൺസിലിൽ നിക്ഷിപ്തമാക്കുന്നത് സർവ്വകലാശാലകളുടെ അധികാരത്തെ ഹനിക്കുന്ന നടപടിയാണ്. ആട്ടോണമസ് കൗൺസിലിൽ വിദ്യാർത്ഥി പ്രതിനിധികളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തണം. ബില്ലിലെ നിർദ്ദേശങ്ങളെപ്പറ്റി അദ്ധ്യാപക - വിദ്യാർത്ഥി സംഘടനകളുമായി ചർച്ച ചെയ്യാതെയും പഠനവിധേയമാക്കാതെയുമാണ് കൊണ്ടുവന്നിരിക്കുന്നത്. ഇത-

നുസരിച്ച് സ്വയംഭരണാവകാശത്തിനായി അപേക്ഷിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയാൽ അവ സ്വയംഭരണ കോളേജുകളായി പ്രഖ്യാപിക്കപ്പെടുകയും യൂണിവേഴ്സിറ്റികൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്താനാകാത്ത സ്ഥിതി സംജാതമാകുകയും ചെയ്യും. ഇത്തരമൊരു സാഹചര്യത്തിൽ മാനേജുമെന്റുകൾക്ക് ലാഭമുണ്ടാകുന്ന തരത്തിൽ ന്യൂ ജനറേഷൻ കോഴ്സുകൾ മാത്രം പഠിപ്പിക്കുന്ന സ്ഥാപനങ്ങളായി ഇവമാറും. വളരെ ലാഘവത്തോടുകൂടിയാണ് സർക്കാർ ഉന്നതവിദ്യാഭ്യാസ മേഖലയെ കൈകാര്യം ചെയ്യുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്തെ ആട്ടോണമിയെ അക്കാഡമിക്, ഭരണപരം, സാമ്പത്തികം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. എല്ലാ നിയമങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ട് ഭരണപരവും സാമ്പത്തികവുമായ കാര്യങ്ങളിൽ സ്വയംഭരണ കോളേജുകൾ ആട്ടോണമി പിടിച്ചെടുക്കുന്ന അവസ്ഥയുണ്ടാവുകയാണ്. കേരളത്തിലെ വിവിധ മതവിഭാഗങ്ങൾ അവരുടെ മാനേജുമെന്റിനുകീഴിലുള്ള സ്വയംഭരണ കോളേജുകളിൽ മതേതരനിലപാടുകൾക്ക് വിരുദ്ധമായ സിലബസും കോഴ്സുകളും തീരുമാനിക്കുന്ന വിധത്തിൽ പഠനം നടത്താതെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. യൂണിവേഴ്സിറ്റിയുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന വിധത്തിലുള്ള അപകടകരമായ ഭയാശങ്കകൾ

പരിഹരിക്കപ്പെടണം. ബില്ലിനെ സംബന്ധിച്ച് അഭിപ്രായങ്ങൾ സ്വരൂപിക്കാതെയും ഘടനയിൽ മാറ്റം വരുത്താതെയും സ്വയംഭരണ കോളേജുകളുടെമേൽ കർശനനിയന്ത്രണമേർപ്പെടുത്താൻ സർവ്വകലാശാലകൾക്ക് അധികാരം കൊടുക്കാതെ ഇത്തരമൊരു നിയമവുമായി മുന്നോട്ടുപോയാൽ അത് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.7.2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ അക്കാഡമിക് നിലവാരത്തിൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ അപാകതകൾ പരിഹരിക്കണം. വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായ മാറ്റം വരുത്താൻ സാധിക്കണം. യൂണിവേഴ്സിറ്റിയുടെയും യു.ജി.സി.-യുടെയും നിലവിലുള്ള നിയമങ്ങളുമനുസരിച്ച് ഫീസ് ഘടനയുണ്ടാക്കുകയും അദ്ധ്യാപക നിയമനം നടത്തുകയും ചെയ്യണം. യൂണിവേഴ്സിറ്റിയുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന യാതൊരു പ്രൊവിഷനും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കാദമിക് ഓട്ടോണമിയാണ് ഈ നിയമത്തിലൂടെ പ്രാവർത്തികമാക്കാൻ പോകുന്നത്. അക്കാദമിക് ഓട്ടോണമിയുടെ പേരിൽ വരുന്ന ഫിനാൻഷ്യൽ ഓട്ടോണമിയെയും മാനേജ്മെന്റ് ഓട്ടോണമിയെയും എതിർക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കണം. വിദ്യാഭ്യാസ മേഖലയിൽ പുതിയ സിലബസുകൾ കണ്ടെത്തണം. വിദ്യാഭ്യാസ മേഖലയെ അക്കാദമിക് തലത്തിലുണ്ടായിരിക്കുന്ന തകർച്ചയിൽനിന്നും കരകയറ്റുന്നതിനുവേണ്ടിയാണ് ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. സ്വയംഭരണാധികാരം ദുരുപയോഗം ചെയ്യാതിരിക്കാനുള്ള ശക്തമായ വകുപ്പുകൾകൂടി ബില്ലിൽ ഉൾപ്പെടുത്തണം. അക്കാദമിക് സ്വയംഭരണത്തെ തകർക്കുന്ന സമീപനം ദീർഘവീക്ഷണത്തോടുകൂടി കാണാനും അധികാരം പ്രാവർത്തികമാക്കുന്നതിനുള്ള പ്രായോഗികമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനുമുള്ള അവസരം എല്ലാ അംഗങ്ങൾക്കുമുണ്ട്. പ്രാരംഭദശയിൽ തന്നെ ഭേദഗതി ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ നശിപ്പിക്കുന്ന പ്രചരണങ്ങൾ നടത്തുന്നത് അപകടകരമാണ്.

<u>ശ്രീ. കെ. രാജു:</u> 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിലെ വിവിധ വശങ്ങളെക്കുറിച്ച് പഠിക്കാൻ ഉന്നത വിദ്യാഭ്യാസ

കൗൺസിൽ നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ ഭേഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. വിദ്യാർത്ഥി സംഘടനകൾ, യൂണിവേഴ്സിറ്റി ജീവനക്കാർ, അധ്യാപകർ എന്നിവരുമായി ചർച്ച നടത്തി അഭിപ്രായ സമന്വയം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണം നൽകുന്നതിലൂടെ അവ യൂണിവേഴ്സിറ്റിക്ക് സമാനമായ സ്ഥിതിയിലേയ്ക്ക് മാറ്റപ്പെടുകയാണ്. പരീക്ഷാനടത്തിപ്പ്, മാർക്ക് തിരുത്തൽ, സിലബസ്സ് എന്നിവയെല്ലാം മാനേജ്മെന്റിന്റെ താല്പര്യത്തിനനുസൃതമായി മാറുന്ന സാഹചര്യത്തിൽ കോളേജുകൾക്ക് സ്വയംഭരണാധികാരം അനുവദിക്കുമ്പോൾ വ്യക്തമായ നിയന്ത്രണങ്ങളും നിബന്ധനകളും ഏർപ്പെടുത്താനും യൂണിവേഴ്സിറ്റികളുടെ പരമാധികാരം നിലനിറുത്താനും കഴിയണം. അക്കാദമിക് കൗൺസിൽ, ഗവേണിംഗ് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നീ അതോറിറ്റികളിൽ മാനേജ്മെന്റിന്റെ ഡോമിനേഷൻ കൂടുതലായാൽ അവരുടെ വ്യക്തിപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടും. കൗൺസിലുകളിൽ ഗവൺമെന്റിന്റെയും യൂണിവേഴ്സിറ്റിയുടെയും പ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം. വിദ്യാഭ്യാസ മേഖലയിൽ അവധാനതയോടുകൂടി പരിഷ്കാരങ്ങൾ നടപ്പാക്കണം. അക്കാദമിക് സ്വയംഭരണം നൽകുന്നതോടുകൂടി സാമൂഹ്യനീതി നിഷേധിക്കപ്പെടുകയും പട്ടികജാതി-പട്ടികവർഗ്ഗ

വിഭാഗങ്ങൾക്ക് സംവരണം ഇല്ലാതാകുകയും ചെയ്യും. പരീക്ഷാ കൺട്രോളറെ നിയമിക്കാനുള്ള അധികാരം മാനേജ്മെന്റിന് നൽകുന്നത് പരീക്ഷകളുടെ വിശ്വാസ്യത നഷ്ടപ്പെടുത്തും. യൂണിവേഴ്സിറ്റിയുടെ നിയന്ത്രണങ്ങൾ നിലനിറുത്തിക്കൊണ്ടും സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ടുമുള്ള ഭേദഗതി ബില്ലാണ് ആവശ്യമായിട്ടുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): നല്ലനിലയിൽ പ്രവർത്തിക്കുന്ന കോളേജുകൾക്ക് അക്കാദമിക സ്വാതന്ത്ര്യം നൽകണമെന്നുള്ള പ്രൊഫ. എൻ.ആർ. മാധവമേനോൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. കോളേജുകൾക്ക് അക്കാദമിക സ്വാതന്ത്ര്യം മാത്രമാണ് നൽകുന്നത്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സിലബസ് തയ്യാറാക്കുന്നതിനും പരീക്ഷ നടത്തിക്കാനുമുള്ള സ്വാതന്ത്ര്യം മാത്രമാണ് കോളേജുകൾക്ക് കൊടുക്കുന്നത്. സർവ്വകലാശാലയുടേയും യു.ജി.സി.യുടേയും നിയമങ്ങൾക്ക് വിധേയമായി മാത്രമേ മറ്റു കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ രണ്ട് ഗവൺമെന്റ് കോളേജുകളേയും പതിനൊന്ന് എയ്ഡഡ് കോളേജുകളേയും സ്വയംഭരണ പദവി നൽകുന്നതിനായി

തെരഞ്ഞെടുത്തത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഗവൺമെന്റിന്റെയോ യു.ജി.സി.യുടേയോ സർവ്വകലാശാലയുടേയോ നിബന്ധനകളെ മറികടക്കാനോ അവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കാനോ സ്വയംഭരണ പദവി കിട്ടിയ കോളേജുകൾക്ക് സാധിക്കില്ല. അങ്ങനെ പ്രവർത്തിച്ചാൽ സ്വയംഭരണ പദവി പിൻവലിക്കാനുള്ള അധികാരം യൂണിവേഴ്സിറ്റിക്കും യു.ജി.സി.ക്കുമുണ്ടായിരിക്കും. കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുമ്പോൾ ഗവൺമെന്റിന് വരുന്ന ബാധ്യതയെ സംബന്ധിച്ചും മറ്റും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതാണ്. ടെണ്ടർ നടപടികളിലുണ്ടായ കാലതാമസംമൂലമാണ് പ്ലസ് ടു പാഠപുസ്തകം വിതരണം ചെയ്യാൻ സാധിക്കാത്തത്. ജൂൺ മാസം അവസാനത്തോടുകൂടി പുസ്തകം വിതരണം ചെയ്യുന്നതാണ്. എട്ട് കമ്പനികളെ എംപാനൽ ചെയ്തുകൊണ്ട് കുറ്റമറ്റ രീതിയിലാണ് സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോം വിതരണം ചെയ്തത്. എ.ഇ. മാരുടെ അനാസ്ഥമൂലം ചില സ്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യാൻ കാലതാമസം വന്നിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 3.41-ന് പിരിഞ്ഞു.

*****************